കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് വിംഗ്
ഇമെയിൽ- ue@kvasu.ac.in ഓഫീസ് ഇ-മെയിൽ - idwofficepkt@kvasu.ac.in

നം.കെ.വി.എ.എസ്.യു/ഐ.ഡി.ഡബ്ല്യൂ/ജി 1 –48/2025 തീയ്യതി : 23 /01/2025

## ലേല പരസ്യം

കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്‌സിറ്റി പൂക്കോട് ക്യാമ്പസ്സിൽ ലേഡീസ് ഹോസ്റ്റലിനു സമീപം സ്ഥിതി ചെയ്യുന്ന പ്രീഫാബ് വില്ലകൾ കോൺക്രീറ്റ് /സോളിഡ് ബ്ലോക്ക് തറ ഉൾപ്പെടെ ( 4 എണ്ണം )പൊളിച്ചുമാറ്റി തറ ഭൂനിരപ്പിലാക്കി നൽകുന്നതിനും പൊളിച്ചുമാറ്റപെട്ട മണ്ണ്/കോൺക്രീറ്റ് ഒഴികെ ഉള്ള എല്ലാവിധ സാധനങ്ങളും കരാറുകാരന്റെ സ്വന്തം ഉത്തരവാദിത്തത്തിലും സർവകശാലയുടെ സ്ഥാവരജംഗമ വസ്തുക്കൾക്ക് യാതൊരു കേടുപാടുകളും സംഭവിക്കാത്ത തരത്തിൽ ക്യാമ്പസ്സിന് പുറത്തേക്ക് നീക്കം ചെയ്യുന്നതിനും മണ്ണ്/കോൺക്രീറ്റ് 500 മീറ്റർ അകലത്തിൽ ഡിപ്പാർട്മെൻറ് എഞ്ചിനീയർമാർ നിർദേശിക്കുന്ന സ്ഥലത്ത് നിരത്തുന്നതിനുമായി അംഗീകൃത വ്യക്തികൾ/കരാറുകാർ എന്നിവരിൽ നിന്നും സർവകശാലയിലേക്ക് പ്രതിഫലമായി നല്കാൻ സന്നദ്ധമായ തുക ഇതോടപ്പമുള്ള ക്വട്ടേഷൻ മാതൃകയിൽ രേഖപ്പെടുത്തികൊണ്ടുള്ള മത്സരാടിസ്ഥാനത്തിലുള്ള ഓഫറുകൾ ക്ഷണിച്ചുകൊള്ളുന്നു .

| ക്രമ നം | പ്രവർത്തിയുടെ പേര് | നിരത ദ്രവ്യം (രൂപ ) |
|---|---|---|
| 1 | Dismantling and removal of prefab villas (4 nos ) at KVASU ,Pookode. | 10,000/- |

നിബന്ധനകൾ

1 . താല്പര്യമുള്ള വ്യക്തികൾ /കരാറുകാർ 23.01.2025 മുതൽ 05/02/2025 2.00 pm വരെ എല്ലാ പ്രവർത്തി സമയങ്ങളിലും പൂക്കോട് ഐ .ഡി .വിങ് ഓഫീസുമായി ബന്ധപ്പെട്ട് മേൽപ്രതിപാദിച്ച പ്രീഫാബ് വില്ലകളുടെ നിജ സ്ഥിതി സ്വയം ബോധ്യപ്പെടേണ്ടതാണ് .

2 . ഓഫറിനോടൊപ്പം മേൽപറഞ്ഞ നിരതദ്രവ്യം യൂണിവേഴ്‌സിറ്റി എഞ്ചിനീയർ ഐ .ഡി .വിങ് ,പൂക്കോട് ൻ്റെ പേരിൽ DD ഒടുക്കിയതിന്റെ അസൽ രസീത് ഉള്ളടക്കം ചെയ്യേണ്ടതാണ് .

3 . ഓഫറുകൾ പ്രവർത്തിയുടെ പേരെഴുതി സീൽ ചെയ്ത കവറുകളിൽ 05/02/2025 നു 3.00 pm നുള്ളിൽ യൂണിവേഴ്‌സിറ്റി എഞ്ചിനീയർ ,ഐ .ഡി .വിങ് ,പൂക്കോട് എന്ന മേൽ വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കാവുന്നതാണ് .വൈകി ലഭിക്കുന്ന ഓഫറുകൾ നിരസിക്കുന്നതും അന്നേ ദിവസം 3 .30 pm ന് ഹാജരായിട്ടുള്ള കരാറുകാരുടെയോ അവരുടെ പ്രധിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതുമായിരിക്കും

4 . ലേലം ഉറപ്പിച്ച വ്യക്തികൾ /കരാറുകാർ ലേല തുക അംഗീകരിച് ഉത്തരവ് ലഭ്യമായി 7 ദിവസത്തിനകം രേഖപ്പെടുത്തിയ നിരക്ക് , ( ജി .എസ് .ടി തുക 18% സഹിതം )പൂക്കോട് IDWing ഓഫീസിൽ അടക്കേണ്ടതും ബന്ധപ്പെട്ട ഉടമ്പടി ക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുമാണ് .സർവകശാല നിർദേശിക്കുന്ന തീയതി മുതൽ 10 ദിവസത്തിനുള്ളിൽ പൊളിച്ചു മാറ്റൽ പ്രക്രിയ പൂർത്തീകരിക്കേണ്ടതും പൊളിച്ചെടുത്ത അവശിഷ്ടങ്ങൾ (മണ്ണ്/കോൺക്രീറ്റ് ഒഴികെ ) സർവകലാശാല എഞ്ചിനീയർമാരുടെ നിർദേശം പോലെ നീക്കം ചെയ്ത ശേഷം പൊളിച്ചു കിട്ടിയ സാമഗ്രികൾ ക്യാമ്പസ്സിന് പുറത്തേക്ക് കൊണ്ടുപോകേണ്ടതാണ്. സാധനങ്ങൾ കൊണ്ടുപോകുന്നതിനാവശ്യമായ ഗേറ്റ് പാസ്സ് അസ്സി എക്സിക്യൂട്ടീവ് എഞ്ചിനീയർ ,ഐ .ഡി വിങ് .പൂക്കോട് , ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ് .

5 . നിർദിഷ്ട തീയതിക്കുശേഷം പൊളിച്ചു മാറ്റപ്പെട്ട സാമഗ്രികൾ (മണ്ണ് ഒഴികെ ) യൂണിവേഴ്‌സിറ്റി ക്യാമ്പസ്സിൽ നിന്നും നീക്കം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നതോ വൈകുന്നതോ ആയ സാഹചര്യത്തിൽ കൂടുതൽ ആവിശ്യമായി വരുന്ന ദിനങ്ങൾക്ക് പ്രതിദിനം 1000 /- രൂപ നിരക്കിൽ പിഴയായി ഐ .ഡി .വിങ്

ഓഫീസിൽ അടക്കേണ്ട ബാധ്യത കരാറുകാരന് ഉണ്ടായിരിക്കുന്നതാണ് . ഇതിനു ശേഷം മാത്രമേ ഗേറ്റ് പാസ്സ് തുടർന്ന് അനുവദിക്കുകയുള്ളു .

സർക്കാർ നിർകർഷിക്കുന്ന എല്ലാ നിബന്ധനകളും ഈ ലേലത്തിന് ബാധകമാണ് . ലഭിച്ച ഓഫറുകൾ പരിശോധനക്ക് വിധേയമാക്കി , ആവിശ്യമെങ്കിൽ നിരസിക്കുന്നതിനോ ഒഴിവാക്കുന്നതിനോ ഉള്ള അധികാരം താഴെ ഒപ്പുവെച്ച ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ് .

ഒപ്പ്
യൂണിവേഴ്സിറ്റി എഞ്ചിനീയർ

പകർപ്പ് :1 . സർവകശാല വെബ്സൈറ്റ്

2 . നോട്ടീസ് ബോർഡ്, ഐ .ഡി .വിങ്, പൂക്കോട്
3. അസ്സി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ. ഡി. വിങ്,പൂക്കോട്
4. ഫയൽ